പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2157 12.02.2013 ൽ മറുപടിക്ക്

## വ്യാജ എസ്.എം.എസ്, ഇ-മെയിൽ, ലോട്ടറി എന്നീ തട്ടിപ്പുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ഡി. സതീശൻ<br>,, ബെന്നി ബെഹനാൻ<br>,, ജോസഫ് വാഴക്കൻ<br>, , സി . പി . മുഹമ്മദ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) വ്യാജ എസ്.എം.എസ്., ഇ-മെയിൽ, ലോട്ടറി എന്നീ തട്ടിപ്പുകൾക്കെതിരെ മുന്നറിയിപ്പുകൾ നൽകാൻ പോലീസ്, എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത് ;<br><br>(ബി) ഇതിനായി, എന്തെല്ലാം ജാഗ്രതാ നിർദ്ദേശങ്ങളാണ് പോലീസ് നൽകിയിട്ടുള്ളത് ; | (എ) യും (ബി) യും: സന്നദ്ധ സംഘടനകൾ, സർക്കാർ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ദൃശ്യ ശ്രവ്യ പത്ര മാധ്യമങ്ങൾ എന്നിവയുമായി ചേർന്ന് പൊതുജനങ്ങൾക്ക് ബോധവൽക്കരണ പരിപാടികൾ നടത്തിയും ജനമൈത്രി പോലീസ് പദ്ധതിയിലൂടെ ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയും വ്യാജ എസ്.എം.എസ്., ഇ-മെയിൽ, ലോട്ടറി തട്ടിപ്പുകളിൽ പൊതുജനങ്ങൾ ഇരകളാകാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അനധികൃത ലോട്ടറി തട്ടിപ്പ് തടയുന്നതിനായി സംസ്ഥാന ഇന്റലിജൻസ് മേധാവി തലവനായി സംസ്ഥാന തലത്തിൽ ഒരു ലോട്ടറി മോണിട്ടറിംഗ് സെല്ലും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല മോണിട്ടറിംഗ് സെല്ലുകളും രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു. കൂടാതെ അനധികൃത ലോട്ടറി ഇടപാടുകൾ നടത്തുന്നുണ്ടോ എന്ന് പരിശോധിച്ച് ആഴ്ചതോറും റിപ്പോർട്ട് നൽകുവാൻ എല്ലാ ജില്ലാ പോലീസ് മേധാവികളോടും എ.ഡി.ജി.പി. (ഇന്റലിജൻസ്) നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത തട്ടിപ്പുകളിൽ വഞ്ചിതരായി ട്ടുള്ളവർക്ക് എന്തെല്ലാം പരിഹാര മാർഗ്ഗങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദ മാക്കുമോ ? | (സി) | അനധികൃത ലോട്ടറി തട്ടിപ്പുകൾ സംബന്ധിച്ച് ലഭിക്കുന്ന പരാതികളി ന്മേൽ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റക്കാർക്കെ തിരെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ